തൃണി ഉത്സവം

*൨൯൯. (൨൭) സാഹിബ് ബഹദൂർ എം. കെ. കുഞ്ഞുമൊയ്തീൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട എഡ്യൂക്കേഷൻ മന്ത്രി സഭയം മറുപടി നൽകുമോ.—

(എ) കൊടുങ്ങല്ലൂർ തൃണി ഉത്സവത്തിലെ കോഴിവെട്ട് നിർത്തൽചെയ്യണമെന്ന് കൊച്ചി ദേവസ്വം ബോർഡ് ശുപാർശ ചെയ്തിട്ടുണ്ടോ?

(ബി) പ്രസ്തുത കാര്യത്തിൽ മറ്റാരുടെയെല്ലാം നിവേദനങ്ങൾ കിട്ടിയിട്ടുണ്ട്?

(സി) കോഴിവെട്ട് നിർത്തൽ ചെയ്യുവാൻ ഗവണ്മെന്റ് ആലോചിക്കുന്നുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഉണ്ട്.

(ബി) ബഹുമാനപ്പെട്ട മെമ്പർ കഴിഞ്ഞ അസംബ്ലിയിൽ ഇതിനെപ്പറ്റി ചോദിച്ചിട്ടുള്ളതുകൂടാതെ വേറെ ചില നിവേദനങ്ങളും കിട്ടിയിട്ടുണ്ട്.

(സി) ഇക്കാര്യം ഗവണ്മെന്റ് ആലോചിച്ചുവരികയാണ്.

ലേബർ ഡിപ്പാർട്ട്മെന്റ്

*൩൦൦. (൨൯) ശ്രീ. പിലിപ്പോസ് മുതലാളി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സഭയം മറുപടി നൽകുമോ.—

(എ) ലേബർ ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥന്മാർ അവരുടെ കൃത്യനിർവ്വഹണത്തിനായി, ഏനാത്തു എ. ടി. കെ. എം. കുഞ്ഞുവണ്ടി ഫാക്ടറി സന്ദർശിച്ചപ്പോൾ അവരെ ആഫീസുദ്യോഗസ്ഥന്മാർ അപമാനിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്യാൻ ഒരുമ്പെട്ടതായി വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടിയെടുത്തു;

(ബി) ഈമാതിരി അനാശാസ്യനടപടികൾ ആവർത്തിക്കാതിരിക്കത്തക്കവിധം എന്തു വ്യവസ്ഥ കൈക്കൊള്ളാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നു?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഉണ്ട്. പ്രസ്തുത ഫാക്ടറിയിലെ ഒരു ഉദ്യോഗസ്ഥനെ പോലീസിൽനിന്നും താക്കീതു ചെയ്തിട്ടുണ്ട്. കൂടുതൽ അന്വേഷണം നടത്തിവരുന്നു.

(ബി) ഈമാതിരി സംഭവങ്ങൾ ആവർത്തിക്കപ്പെടുകയില്ലെന്നു ഗവണ്മെന്റ് കരുതുന്നു. വേണ്ടിവന്നാൽ യഥോചിതം നടപടി നടത്തുന്നതാണ്.

TRAINING COLLEGE

*301. [31] **Sri. A. K. George:** Will the Hon'ble Minister for Education, Labour and Civil Supplies be pleased to state whether the Government are going to start a training college for teachers at Trichur by the coming year?

Chief Minister **(Sri. C. Kesavan):** The question of reviving the Training at Trichur is under consideration.

TRAVEL FACILITIES

*302. [32] **Sri. Eapen Arackal:** Will the Hon'ble Minister for Public Works and Communications be pleased to state.—

(*a*) how many new buses have been additionally put in, if any, in service during Chingam 1126 in the following routes.

LIBRARY ARCHIVES Kerala Legislative Assembly

(1) Trivandrum—Quilon.
(2) Quilon—Kottayam.
(3) Quilon—Alleppey.
(4) Alleppey—Aroor.

(*b*) how many buses are running along these routes at present?

Chief Minister **(Sri. C. Kesavan):**

(*a*) New buses have not been put additionally in the routes under reference in Chingom 1126 M.E.

(*b*) Trivandrum—Quilon .. 14
Quilon—Kottayam .. 2
Quilon—Alleppey .. 24
Alleppey—Aroor .. 14

*303. [33] **Sri. Eapen Arackal:** Will the Hon'ble Minister for Works and Communications be pleased to state.—

Are there any arrangements made for checking the timings of starting, departure, etc., of buses of private bus companies?

Chief Minister **(Sri. C. Kesavan):** Yes.

ZOO AT TRIVANDRUM

*304. [34] **Sri. Eapen Arackal:** Will the Hon'ble Minister for Education, Labour and Civil Supplies be pleased to state.—

The amount collected by the sale of tickets for admission in the Zoo at Trivandrum in the year 1949 and 1950.

Chief Minister **(Sri. C. Kesavan):**

	Rs.	*A.*	*P.*
Amount collected in 1949	8,119	13	4
Do 1950	11,759	4	0

റെയിൽവെ

*ന ം ൪. (൪ ന) ശ്രീ. പി. കെ. കുമാരനാചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കൊല്ലം എറണാകുളം റെയിൽവെ ലൈൻ എന്നത്തേക്കു പൂർത്തിയാകും?

(ബി) ഇപ്പോൾ സർവ്വെ ചെയ്തുവരുന്ന ലൈൻ ഏതെല്ലാം ടൗണുകളിൽകൂടി കടന്നുപോകുന്നു?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഇതിന്റെ സർവ്വെ നടക്കുന്നതേയുള്ളു. ജോലി എന്നു തുടങ്ങിക്കുമെന്നും എപ്പോൾ പൂർത്തിയാകുമെന്നും പറയുവാൻ സാധ്യമല്ല.

(ബി) സർവ്വെ പൂർത്തിയായി അലൈൻമെന്റു തിട്ടപ്പെടുത്തിയതിനുശേഷമേ ലൈൻ ഏതേതു സ്ഥലങ്ങളിൽകൂടി കടന്നുപോകുന്നുവെന്നു പറയുവാൻ നിവൃത്തിയുള്ളൂ.

അദ്ധ്യാപക ശമ്പളക്രമീകരണം

*ന ം ൫. (൪ ൬) ശ്രീ. പി. കെ. കുമാരനാചാരി: താഴെ കാണുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

LIBRARY ARCHIVES Kerala Legislative Assembly